1,477 പേർ കൊവിഡ് പോസിറ്റീവ്

കോഴിക്കോട്: ജില്ലയിൽ ഇന്നലെ 1,477 കൊവിഡ് പോസിറ്റീവ് കേസുകൾ കൂടി റിപ്പോർട്ട് ചെയ്തതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. സമ്പർക്കം വഴി 1,443 പേർക്കും ഉറവിടം വ്യക്തമല്ലാത്ത 24 പേർക്കും സംസ്ഥാനത്തിന് പുറത്തു നിന്നു വന്ന 7 പേർക്കും 3 ആരോഗ്യ പ്രവർത്തകർക്കുമാണ് രോഗം സ്ഥിരീകരിച്ചത്. 6,662 പേരെ പരിശോധനക്ക് വിധേയരാക്കി.

ജില്ലയിലെ കൊവിഡ് ആശുപത്രികൾ, എഫ്.എൽ.ടി.സികൾ, വീടുകൾ എന്നിവിടങ്ങളിൽ ചികിത്സയിലായിരുന്ന 2,827 പേർകൂടി രോഗമുക്തി നേടി. നിലവിൽ 11,931 ആളുകളാണ് കൊവിഡ് ബാധിതരായി ഉള്ളത്. 23,515 ആളുകളാണ് ക്വാറന്റൈനിലുള്ളത്. 5,615 മരണങ്ങളാണ് ഇതുവരെ കൊവിഡ് മൂലമെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

അഡ്മിഷൻ ആരംഭിച്ചു

കോഴിക്കോട്: ഗവ. ഐ.ടി.ഐയിൽ ഐ.എം.സിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി യോഗ്യതകളുള്ളവർക്കായി തൊഴിലധിഷ്ഠിത പ്ലേസ്മെന്റോടുകൂടിയ എയർ കാർഗോ ഷിപ്പിങ് ആൻഡ് ലോജിസ്റ്റിക്സ് മാനേജ്മെന്റ് കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

ഇൻഡസ്ട്രിയൽ വിസിറ്റ്, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം, വ്യക്തിത്വ വികസനം, ഇന്റർവ്യൂ, കരിയർ ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനവും നൽകും. വിശദവിവരങ്ങൾക്ക് ഫോൺ: 8590893066

ക്വട്ടേഷൻ ക്ഷണിച്ചു

കോഴിക്കോട്: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസി(ഇംഹാൻസ്)ലെ കാന്റീൻ നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. കഅവസാന തീയതി ഫെബ്രുവരി 23 ഉച്ചക്ക് രണ്ട് മണി. 24ന് ഉച്ച കഴിഞ്ഞ് മൂന്ന് മണിക്ക് ക്വട്ടേഷൻ തുറക്കും. വിവരങ്ങൾക്ക് ഫോൺ: 0495 2359352

ഗതാഗത നിയന്ത്രണം

കോഴിക്കോട്: താമരശ്ശേരി പള്ളിപ്പുറം റോഡിൽ ഉപരിതലം പുതുക്കുന്ന പ്രവൃത്തി നടക്കുന്നതിനാൽ ഫെബ്രുവരി 11 മുതൽ പ്രവൃത്തി അവസാനിക്കുന്നതുവരെ ഈ റോഡിലൂടെയുള്ള ഗതാഗതം നിയന്ത്രിച്ചിരിക്കുന്നു. വാഹനങ്ങൾ തച്ചംപൊയിൽ വഴി കടന്നു പോകേണ്ടതാണെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

ലേലം

കോഴിക്കോട്: ചേവായൂർ ഗവ. ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിലെ 41 മരങ്ങൾ വില്പന നടത്തുന്നതിന് ഫെബ്രുവരി16 രാവിലെ 11.30ന് ആശുപത്രി റിക്രിയേഷൻ ഹാളിൽ പൊതു ലേലം നടത്തും. വിവരങ്ങൾക്ക് ഫോൺ: 0495 2355840

അനധികൃത പരസ്യ ബോർഡുകൾ നീക്കാൻ ഉത്തരവ്

കോഴിക്കോട്: ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെടുന്ന പൊതുസ്ഥലങ്ങളിൽ വിവിധ രാഷ്ട്രീയ,

സാമൂഹ്യ സാംസ്കാരിക സംഘടനകളും വ്യാപാര സ്ഥാപനങ്ങളും പരസ്യ ഏജൻസികളും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ, ബാനറുകൾ , ഹോർഡിങുകൾ, കൊടികൾ എന്നിവ സ്വന്തംചെലവിൽ എടുത്തുമാറ്റണമെന്ന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

പാലിയേറ്റീവ് യൂണിറ്റിന് വിദ്യാർഥികളുടെ കൈത്താങ്ങ്

പിണങ്ങോട്: വയനാട് ഓർഫനേജ് ഹയർ സെക്കണ്ടറി സ്കൂൾ എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിലാണ് സ്കൂൾ പരിസരത്തെ പാലിയേറ്റീവ് യൂണിറ്റ് ആയ ദയ പെയിൻ ആൻഡ് പാലിയേറ്റീവ് യൂണിറ്റിന് സഹായധനം കൈമാറിയത്.

സ്കൂളിൽ നടന്ന ചടങ്ങിൽ പ്രിൻസിപ്പാൾ താജ് മൻസൂർ ടി വോളന്റിയേഴ്സ് ആയ കീർത്തന ലക്ഷ്മി, മുഹമ്മദ് അൽ അമീൻ , മാളവിക സി എം, മിൻഹ എം എന്നിവർ ചേർന്ന് ദയ ഭാരവാഹികളായ കുനിയിൽ അബൂബക്കർ, ഷമീർ മൊട്ടത്താൻ, നാഗരാജ് എന്നിവർക്ക് കൈമാറി.

പെരുവണ്ണാമൂഴിയിലെ റിസർവോയറിൽ സൗരോർജ ബോട്ട് സർവീസ് ആരംഭിക്കുന്നു

ചക്കിട്ടപാറ: ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ പെരുവണ്ണാമൂഴിയിലെ റിസർവോയറിൽ സൗരോർജ ബോട്ട് സർവീസ് ആരംഭിക്കാൻ നടപടി പുരോഗമിക്കുന്നു. ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമിൽ ചക്കിട്ടപാറ സഹകരണ ബാങ്കിന്റെ നേതൃത്വത്തിലാണ് ടൂറിസ്റ്റുകൾക്ക് ബോട്ടിങ് ഏർപ്പെടുത്തുന്നത്. ബോട്ട് സർവീസ് നടത്താൻ സർക്കാർ ഉത്തരവിറങ്ങി. ബോട്ടിങ് ആരംഭിക്കുന്നതിന് ജലസേചന വകുപ്പ് സഹകരണ ബാങ്കുമായി കരാർ വയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ സർവീസ് തുടങ്ങുമെന്നാണ് പ്രതീക്ഷ. 3 കോടിയോളം രൂപ ചെലവഴിച്ചുള്ള ടൂറിസ്റ്റ് കേന്ദ്രം നവീകരണ പ്രവൃത്തി അന്തിമഘട്ടത്തിലാണ് ബോട്ടിങ് കൂടി ആരംഭിക്കുന്നതോടെ കൂടുതൽ വിനോദ സഞ്ചാരികളെ പെരുവണ്ണാമൂഴിയിലേക്ക് ആകർഷിക്കാൻ സാധിക്കും. 20 പേർക്ക് സഞ്ചരിക്കാവുന്ന ഒരു ബോട്ടും 10 പേർക്ക് യാത്ര ചെയ്യാവുന്ന മറ്റൊരു സൗരോർജ ബോട്ടുമാണ് ആദ്യഘട്ടത്തിൽ തുടങ്ങുന്നത്. 2 ബോട്ടുകൾ പെരുവണ്ണാമൂഴി റിസർവോയർ മേഖലയിൽ ട്രയൽ യാത്ര നടത്തി. രണ്ടാം ഘട്ടത്തിൽ കല്ലാനോട് തോണിക്കടവ് ടൂറിസ്റ്റ്കേന്ദ്രത്തിലും ബോട്ട്സർവീസ് ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നു വരുന്നുണ്ട്

പട്ടികജാതി ഫണ്ട് വിനിയോഗം: ജില്ലയിൽ നൂറ് ശതമാനം കൈവരിച്ച രണ്ടാമത്തെ പഞ്ചായത്തായി തിക്കോടി

കോഴിക്കോട്: പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ച രണ്ടാമത്തെ പഞ്ചായത്തായി തിക്കോടി. 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിനായി 32,46,000 രൂപയാണ് പഞ്ചായത്തിന് അനുവദിച്ചത്. എസ്.സി വിദ്യാർഥികൾക്ക് ലാപ്ടോപ്പ്, ഫർണ്ണിച്ചർ വിതരണം, വയോജനങ്ങൾക്ക് കട്ടിൽ, ലൈഫ് ഭവനം, എസ്.സി. വീടിന്റെ ഗുണമേന്മ വർധിപ്പിക്കൽ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിയാണ് തിക്കോടി പഞ്ചായത്ത് നൂറ് ശതമാനം ഫണ്ട് വിനിയോഗിച്ചത്.

നിലവിലെ സെൻസസ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപെട്ട 1,433 പേരാണ് പഞ്ചായത്തിലുള്ളത്. വിദ്യാർഥികളും വയോജനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇവരുടെ സാമൂഹിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് എല്ലാവർഷവും തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ ഫണ്ട് അനുവദിക്കുന്നത്. കഴിഞ്ഞ 18 വർഷത്തിനിടയിൽ ആദ്യമായാണ് ഇത്തരമൊരു നേട്ടം തിക്കോടി പഞ്ചായത്ത് കൈവരിക്കുന്നത്. പഞ്ചായത്തിൽ ഉൾപ്പെട്ട 104 പേർക്കാണ് വിവിധ പദ്ധതികൾ വഴി ഫണ്ട് നൽകിയത്.

പ്രൊഫഷണൽ കോഴ്സ്, ബിരുദ-ബിരുദാനന്തര കോഴ്സുകൾ എന്നിവ പഠിക്കുന്ന പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 16 വിദ്യാർഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തു. കൂടാതെ 21 വിദ്യാർഥികൾക്ക് ഫർണ്ണിച്ചറും നൽകി. 5,18,332 രൂപയാണ് ഇതിനായി ചെലവഴിച്ചത്. 1,52,250 രൂപ വിനിയോഗിച്ച് 34 വയോജനങ്ങൾക്ക് കട്ടിലുകളും വിതരണം ചെയ്തു. സ്വന്തമായി വീടില്ലാത്തവരെ പുനരധിവസിപ്പിക്കാനുള്ള സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 18 പേർക്കാണ് പഞ്ചായത്ത് വീടു നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചത്. എസ്.സി വിഹിതത്തിൽനിന്നും 16,26,418 രൂപയാണ് ഇതിനായി പഞ്ചായത്ത് അനുവദിച്ചത്. അതോടൊപ്പം വീടുകളുടെ പുനരുദ്ധാരണത്തിനായി അപേക്ഷിച്ച പത്ത് പേർക്കും അഞ്ച് ലക്ഷം രൂപ അനുവദിച്ചു. കഴിഞ്ഞ വർഷത്തിലേതിൽ ഉൾപ്പെട്ട അഞ്ച് പേർക്കായി 3,49,000 രൂപയും പഞ്ചായത്ത് വകയിരുത്തി.

അംഗണവാടികളിലൂടെയുള്ള പോഷകാഹാര വിതരണത്തിനായി ഐ.സി.ഡി.എസ് മുഖേന രണ്ട് ലക്ഷം രൂപയാണ് ചെലവഴിച്ചത്. ഒരു ലക്ഷം രൂപ എസ്.എസ്.കെ വിഹിതമായും പഞ്ചായത്ത് ചെലവഴിച്ചു.

ലഹരിമരുന്ന്:

ഒരു മാസത്തിനിടെ കേസുകൾ 84 പ്രതികൾ 90

ഫറോക്ക്: ലഹരി വിപത്ത് തടയാൻ പൊലീസ് നടത്തുന്ന ഊർജിത പരിശോധനയിൽ ഒരു മാസത്തിനിടെ ഫറോക്ക് സബ് ഡിവിഷനു കീഴിൽ റജിസ്റ്റർ ചെയ്തത് 84 ലഹരി കേസുകൾ. 90 പ്രതികളെ അറസ്റ്റ് ചെയ്തു. ബേപ്പൂർ മണ്ഡലത്തെ ലഹരി മുക്തമാക്കാൻ മന്ത്രി പി.എ.മുഹമ്മദ് റിയാസിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ

'ചെറുക്കാം ലഹരി മരുന്നിനെ' ക്യാംപെയ്നിന്റെ ഭാഗമായുള്ള റെയ്ഡിലാണ് ലഹരി വിൽപനക്കാരും ഉപയോഗിക്കുന്നവരും പൊലീസിന്റെ വലയിലായത്. ഫറോക്ക് സ്റ്റേഷനിൽ 150 ഗ്രാം കഞ്ചാവുമായി നൈനാംവളപ്പ് സൗദ മൻസിലിൽ വി.സി.ഷാഹുൽ ഹമീദിനെ(48) അറസ്റ്റ് ചെയ്തതാണ് ഏറ്റവുമൊടുവിൽ റജിസ്റ്റർ ചെയ്ത കേസ്.

പൊലീസ് സബ് ഡിവിഷനു കീഴിലെ ഫറോക്ക് സ്റ്റേഷനിൽ മാത്രം കഴിഞ്ഞ ഒരു മാസത്തിനിടെ ഇത്തരം 20 കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. നല്ലളത്ത് 16, മാറാട് 15, പന്നിയങ്കര 14, പന്തീരാങ്കാവ് 12, ബേപ്പൂർ സ്റ്റേഷനിൽ ഏഴു കേസുകളും റജിസ്റ്റർ ചെയ്തു.

അസി.കമ്മിഷണർ എ.എം. സിദ്ദിഖിന്റെ നേതൃത്വത്തിൽ മേഖലയിൽ പ്രത്യേക നിരീക്ഷണം നടത്തിയാണ് ലഹരി വിൽപനക്കാരെ കയ്യോടെ പൊക്കുന്നത്. ലഹരി വിൽപനക്കാരും ഉപയോഗിക്കുന്നവരും തമ്പടിക്കുന്ന കേന്ദ്രങ്ങൾ പൊതുജനങ്ങളുടെ സഹകരണത്തോടെ തിരിച്ചറിഞ്ഞാണു നീക്കം. ഇതിനു പൊതുപ്രവർത്തകരുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും പിന്തുണയും പൊലീസിനുണ്ട്.

പിടികൂടിയവരെ വിശദമായി ചോദ്യം ചെയ്തു ലഹരി എത്തിക്കുന്നതിന്റെ ഉറവിടം കണ്ടെത്താൻ പൊലീസ് ശ്രമിച്ചതാണ് കൂടുതൽ അറസ്റ്റിന് വഴിയൊരുക്കിയത്.

ഇതിനു ഓരോ സ്റ്റേഷൻ പരിധിയിലും തുടർച്ചയായി പട്രോളിങ് നടത്തുന്നുണ്ട്. പൊതുജനങ്ങളിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ പരമാവധി ശേഖരിച്ചു താവളങ്ങൾ കണ്ടെത്തി കൃത്യമായ ആസൂത്രണം ചെയ്താണ് പരിശോധന.

ഇതിനാൽ മിക്ക ദിവസങ്ങളിലും പ്രതികളെ പിടികൂടാനാകുന്നു എന്നതു പൊലീസിനു ഏറെ ആശ്വാസകരമാണ്.

ഇതു ജനങ്ങൾക്കിടയിലും വലിയ മതിപ്പുണ്ടാക്കിയിട്ടുണ്ട്. ഇൻസ്പെക്ടർമാരായ ജി.ബാലചന്ദ്രൻ(ഫറോക്ക്), കെ.കൃഷ്ണൻ(നല്ലളം), വി.സിജിത്ത്(ബേപ്പൂർ), എൻ.രാജേഷ് കുമാർ(മാറാട്), ബൈജു കെ.ജോസ്(പന്തീരാങ്കാവ്),

പി.അനിൽ കുമാർ(പന്നിയങ്കര)എന്നിവരാണ് സ്റ്റേഷനുകളിൽ റെയ്ഡിനു നേതൃത്വം നൽകുന്നത്.

ലഹരി വിൽപന സംബന്ധിച്ചു വിവരം ലഭിക്കുന്നവർ 0495 2932210 എന്ന നമ്പറിൽ അറിയിക്കണമെന്നും വിവരങ്ങൾ പൊലീസ് രഹസ്യമായി സൂക്ഷിക്കുമെന്നും അസി.കമ്മിഷണർ എ.എം.സിദ്ദിഖ് അറിയിച്ചു.

റോഡ് നാടിന് സമർപ്പിച്ചു

ഒളവണ്ണ: ഗ്രാമപഞ്ചായത്തിൽ പ്രവൃത്തി പൂർത്തീകരിച്ച കളത്തും തൊടി വാര്യംവീട് റോഡ് പി.ടി.എ. റഹീം എംഎൽഎ ഉദ്ഘാടനം ചെയ്തു. എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 4.5 ലക്ഷം രൂപ ചെലവിലാണ് റോഡ് കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കിയത്.

ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി ശാരുതി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എ.പി സെയ്താലി, ഗ്രാമപഞ്ചായത്ത് മെമ്പർ പി രാധാകൃഷ്ണൻ, എന്നിവർ പങ്കെടുത്തു.

നോളജ് സിറ്റിയിൽ ദേശീയ യൂനാനി ദിനാചാരണം

നോളജ് സിറ്റി : മർകസ് നോളജ് സിറ്റിയിൽ യൂനാനി ദേശീയ ദിനത്തോടനുബന്ധിച്ച് നിരവധി പരിപാടികൾ സംഘടിപ്പിച്ചു. യൂനാനി മെഡിക്കൽ കോളെജിന്റെയും ഹോസ്പിറ്റലിന്റെയും കീഴിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. ദിനചാരണത്തോടനുബന്ധിച്ച് നടത്തിയ ഹിജാമ, ഇ എൻ ടി ക്യാമ്പുകൾ ഇന്നലെ സമാപിച്ചു. കൂടാതെ ദിനാചരണത്തിന്റെ ഭാഗമായി പബ്ലിക് സെമിനാർ, പാനൽ ഡിസ്കഷൻ, വർക്ക്ഷോപ്പ്, ഫുഡ്ഫെസ്റ്റ് തുടങ്ങിയവയും സംഘടിപ്പിച്ചു. സൗജന്യ പരിശോധന ഇന്നും തുടരും. ബുക്കിങ് നമ്പർ - 6235998811.

ക്യാമ്പുകൾക്ക് മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ ഡോ. പ്രൊഫ. ശാഹുൽ ഹമീദ്, സൂപ്രണ്ട് ഡോ. ഒ കെ എം, ഡോ. നജൗം അഹമ്മദ്, ഡോ. നബീൽ, അബ്ദുള്ള കുഞ്ഞ്, ഷുഹൈബ് തുടങ്ങിയവർ നേതൃത്വം നൽകി.

മൂന്നിയൂരിലെ റോഡുകൾക്ക് 4.38 കോടി രൂപ അനുവദിച്ചു

തേഞ്ഞിപ്പലം: മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പ് 4.38 കോടി അനുവദിച്ചതായി പി.അബ്ദുൽഹമീദ് എംഎൽഎ അറിയിച്ചു.

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ ഭൂരിഭാഗം റോഡുകളും ജലനിധി പദ്ധതിക്കായി പൊളിച്ചിട്ടുണ്ട്. ഈ റോഡുകളുടെ പുനരുദ്ധാരണത്തിന് 10 കോടി രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് എംഎൽഎയുടെ നേതൃത്വത്തിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ്,

ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ വെങ്കിടേഷ് പതി എന്നിവരെ സമീപിച്ചതിനെ തുടർന്നാണ് ഫണ്ട് അനുവദിച്ചത്. കേരള റൂറൽ വാട്ടർ ആൻഡ് സാനിറ്ററി ഏജൻസിയുടെ ഗവേർണിങ് കൗൺസിലിലാണ് തീരുമാനം. അടുത്ത ദിവസം തന്നെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തിയുടെ സാങ്കേതികാനുമതിയും ടെണ്ടർ നടപടിയും വേഗത്തിലാക്കാൻ നിർദേശം നൽകിയതായി എംഎൽഎ കൂട്ടി ചേർത്തു.

കയാക്കിങ് സെന്റർ നിർമാണം വൈകുന്നു

കോടഞ്ചേരി: രാജ്യാന്തര കയാക്കിങ് മേള നടക്കുന്ന പഞ്ചായത്തിലെ പുലിക്കയത്ത് രാജ്യാന്തര നിലവാരത്തിൽ കയാക്കിങ് സെന്റർ നിർമിക്കുന്നതിനു ടൂറിസം വകുപ്പ് ഫണ്ട് അനുവദിക്കുകയും 7 മാസം മുൻപ് മന്ത്രി പി.എ.മുഹമ്മദ് റിയാസ് ശിലാസ്ഥാപനവും നടത്തിയെങ്കിലും പ്രവൃത്തി തുടങ്ങിയില്ല. 7 മാസം കഴിഞ്ഞിട്ടും സെന്ററിന്റെ പണികളൊന്നും ആരംഭിക്കാനായില്ല.പുലിക്കയത്ത് ചാലിപ്പുഴയുടെ തീരത്ത് തെക്കനാട്ട് കുര്യാക്കോസ് സൗജന്യമായി ടൂറിസം വകുപ്പിന് നൽകിയ 10 സെന്റ് സ്ഥലത്താണ് കയാക്കിങ് സെന്റർ പണിയുന്നത്.

പുലിക്കയത്ത് കയാക്കിങ്ങിന് എത്തുന്ന സഞ്ചാരികൾക്ക് വിശ്രമിക്കുന്നതിനും കയാക്കുകൾ സൂക്ഷിക്കുന്നതിനും മറ്റുമായി കെട്ടിടവും കയാക്കിങ് ഡ്രൈവിങ് റാംപും പവിലിയനും പുഴയോരത്ത് ഇരിപ്പിടങ്ങളും ചാലി പുഴയുടെ ഓരങ്ങളിൽ സുരക്ഷ വേലികളും നിർമിക്കുന്നതിനും ഇരുവഞ്ഞി പുഴയിൽ വിവിധയിടങ്ങളിൽ കയാക്കിങ് റാംപും സുരക്ഷാ വേലികളും പവിലിയനും മറ്റും പണിയുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

സർക്കാർ ഏജൻസിയായ കെലിനാണ് നിർമാണ ചുമതല. കെലിന്റെ നേതൃത്വത്തിൽ സെന്റർ നിർമാണത്തിനു ഉപകരാർ ഏൽപിച്ചതുമാണ്. കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് സാങ്കേതിക കാരണങ്ങളുടെ പേരിൽ നിർമാണം നീണ്ടു പോകുകയാണ്. മഴയ്ക്ക് മുൻപ് കരാർ നൽകിയ പദ്ധതിയാണ് മഴ മാറിയിട്ടും പണി ആരംഭിക്കാതെ കിടക്കുന്നത്.

താക്കോൽദാനം നിർവ്വഹിച്ചു

കോഴിക്കോട്: പി.എം.എ.വൈ.ജി പദ്ധതിപ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ പ്രവൃത്തി പൂർത്തികരിച്ച 28 വീടുകളുടെ താക്കോൽദാനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.പി വനജ നിർവ്വഹിച്ചു. 95 കുടുംബങ്ങൾക്കാണ് വീട് അനുവദിച്ചത്. മറ്റു വീടുകളുടെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലാണ്. താമസിക്കാൻ സ്വന്തമായൊരു വീട് എന്ന സ്വപ്നം സഫലമായതിന്റെ സന്തോഷം കുടുംബാംഗങ്ങൾ പങ്കുവെച്ചു.

ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ രജീന്ദ്രൻ കപ്പള്ളി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ടി.ആർ. ദേവികരാജ്, സ്ഥിരം സമിതി ചെയർപേഴ്സൺമാരായ കെ.കെ. ഇന്ദിര, ബിന്ദു പുതിയോട്ടിൽ, മെമ്പർമാരായ അഡ്വ. സജീവൻ, ജോയന്റ് ബി.ഡി.ഒ പി.വി സുചീന്ദ്രൻ എന്നിവർ സംസാരിച്ചു.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക നഴ്സറി പ്രവർത്തനം ഏറ്റെടുത്തു

കുത്താളി: കുത്താളി ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക നഴ്സറി പ്രവർത്തനം ഏറ്റെടുത്തു. ജൂൺ ഒന്നിന് ലോക പരിസ്ഥിതി ദിനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വൃക്ഷ തൈകൾ വിതരണം നൽകുക എന്ന ഉദ്ദേശത്തോടെ പ്രവൃത്തി ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ 3500 തൈകൾ നട്ട് വളർത്തുന്ന വിത്ത് നടീൽ ഉദ്ഘാടനം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.പി. ബാബു നിർവ്വഹിച്ചു. ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.എം. അനൂപ് കുമാർ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പി.വി. ബേബി മുഖ്യ അതിഥിയായി. ധന്യ മാധവൻ, തൊഴിലുറപ്പ് തൊഴിലാളികളായ വി.പി. ബിന്ദു, അസ്സൻ, നാരായണൻ നായർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

പെൺകുട്ടികൾ ഒളിച്ചു കടന്ന സംഭവം

ചിൽഡ്രൻസ് ഹോം പ്രവർത്തനത്തിൽ സമഗ്രമാറ്റം വേണമെന്ന് റിപ്പോർട്ട്

കോഴിക്കോട് : വെള്ളിമാടുകുന്ന് ചിൽഡ്രൻസ് ഹോമിൽ നിന്നും പെൺകുട്ടികൾ ഒളിച്ചു കടന്ന സംഭവത്തിൽ കമ്മീഷണർ നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം റിപ്പോർട്ട് സമർപ്പിച്ചു. ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റം വരുത്തുന്നതിനാവശ്യമായ 26 നിർദേശങ്ങളടങ്ങിയ റിപ്പോർട്ടാണ് സമർപ്പിച്ചത്. സ്പെഷൽ ബ്രാഞ്ച് എസിപിയും, മെഡിക്കൽ കോളെജ് എസിപിയും സിഡബ്ല്യൂസിയും അടക്കമുള്ളവർ ചേർന്നാണ് റിപ്പോർട്ട് തയാറാക്കിയത്. റിപ്പോർട്ടിലെ നിർദേശങ്ങൾ സമയബന്ധിതമായി ചർച്ച ചെയ്ത് നടപ്പാക്കുമെന്ന് കമ്മീഷണർ എ.വി. ജോർജ് പറഞ്ഞു.

> **ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റം വരുത്തുന്നതിനാവശ്യമായ 26 നിർദേശങ്ങളടങ്ങിയ റിപ്പോർട്ടാണ് സമർപ്പിച്ചത്. സ്പെഷൽ ബ്രാഞ്ച് എസിപിയും, മെഡിക്കൽ കോളെജ് എസിപിയും സിഡബ്ല്യൂസിയും അടക്കമുള്ളവർ ചേർന്നാണ് റിപ്പോർട്ട് തയാറാക്കിയത്**

കോഴിക്കോട് വെള്ളിമാടുകുന്ന് ചിൽഡ്രൻസ് ഹോമിലെ ആറ് പെൺകുട്ടികളെ കാണാതായത് വലിയ വിവാദമായിരുന്നു. അന്വേഷണത്തിനൊടുവിൽ രണ്ട് കുട്ടികളെ ബംഗളൂരുവിൽ നിന്നും നാലു പേരെ മലപ്പുറം എടക്കരയിൽ നിന്നുമാണ് കണ്ടെത്തിയത്. ബാലമന്ദിരത്തിലെ മോശം സാഹചര്യം കാരണമാണ് പുറത്തുകടക്കാൻ ശ്രമം നടത്തിയതെന്നാണ് പെൺകുട്ടികൾ പൊലീസിന് മൊഴി നൽകിയത്. കുട്ടികളുടെ എതിർപ്പ് മറികടന്ന് തിരികെ ബാലമന്ദിരത്തിലെത്തിച്ചപ്പോൾ ഒരാൾ കൈ ഞരമ്പ് മുറിച്ച് ആത്മഹത്യക്ക് ശ്രമിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ സിഡബ്ല്യുസിയും കുട്ടികളുടെ മൊഴി രേഖപ്പെടുത്തിയിരുന്നു. ചിൽഡ്രൻസ് ഹോമിലെ സാഹചര്യം മോശമാണെന്ന് നേരത്തെയും പരാതികളുയർന്നിരുന്നുവെങ്കിലും അധികൃതരുടെ ഭാഗത്ത് നിന്നും കാര്യമായ ഇടപെടലുണ്ടായിരുന്നില്ല.

വിദ്യാകിരണം പദ്ധതിയിലുൾപ്പെടുത്തി മൂന്നു കോടി കിഫ്ബി ഫണ്ട് ചെലവഴിച്ച് നിർമിച്ച പയ്യാനക്കൽ ജിവിഎച്ച്എസ്എസ് കെട്ടിടത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ച ശേഷം തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ കെട്ടിടത്തിന്റെ ശിലാഫലകം അനാച്ഛാദനം ചെയ്യുന്നു

ചാലപ്പുറം, പയ്യാനക്കൽ സ്കൂളുകളിലെ കെട്ടിടം ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: ചാലപ്പുറം ഗവ. അച്യുതൻ ഗേൾസ് ഹയർസെക്കന്ററി സ്കൂളിലും പയ്യാനക്കൽ ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലും സംസ്ഥാന സർക്കാരിന്റെ വിദ്യാകിരണം മിഷനിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു.

ഉദ്ഘാടനശേഷം സ്കൂളുകളിൽ നടന്ന പരിപാടിയിൽ തുറമുഖവകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ശിലാഫലകം അനാഛാദനം ചെയ്തു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന ലക്ഷ്യത്തിലാണ് സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആവിഷ്കരിച്ചതെന്നു മന്ത്രി പറഞ്ഞു. കിഫ്ബി ഫണ്ടിൽനിന്ന് മൂന്ന് കോടിരൂപവീതം ചെലവഴിച്ചാണ് സ്കൂൾ കെട്ടിടങ്ങൾ നിർമിച്ചത്.

ചാലപ്പുറം ഗവ. അച്യുതൻ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ നടന്ന ചടങ്ങിൽ മേയർ ബീന ഫിലിപ്പ് അധ്യക്ഷത വഹിച്ചു. എസ്.പി.സി കമ്മ്യൂണിറ്റി പ്രൊജക്ടായ അഗ്രികൾച്ചറൽ ബ്രിഗേഡ് ഉദ്ഘാടനവും ചടങ്ങിൽ നടന്നു.

പയ്യാനക്കൽ ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ പ്രവീൺ കുമാർ സ്വാഗതം പറഞ്ഞു. ഡെപ്യൂട്ടി മേയർ മുസാഫിർ അഹമ്മദ് അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ പ്രമോദ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു.

കൊലക്കേസ് പ്രതികളെന്ന് പൊലീസ്

മഞ്ചേരി : ഇടിക്കട്ടകൊണ്ട് യുവാവിനെ മർദ്ദിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചുവെന്ന കേസിൽ ഇക്കഴിഞ്ഞ 19ന് അറസ്റ്റിലായ യുവാക്കൾ കൂത്തുപറമ്പ് സ്റ്റേഷനിലെ കൊലക്കേസ് പ്രതികളെന്ന് പൊലീസ് ജില്ലാ കോടതിയിൽ. കണ്ണൂർ തലശേരി സ്വദേശികളായ പാതിരിയാട് നവജിത്ത് (27), പിണറായി സൗത്ത് ചിരുകണ്ടോത്ത് പി വി പ്രിയേഷ് (29) എന്നിവരെയാണ് വണ്ടൂർ പൊലീസ് അറസ്റ്റ് ചെയ്തത്.വണ്ടൂർ പുളിക്കൽ ഹോട്ടൽ സിറ്റിപാലസ് റസിഡൻസി ബാറിലെ മേൽനോട്ടക്കാരാണ് പ്രതികൾ.

പണയത്തിലിരിക്കുന്ന സ്വർണാഭരണങ്ങൾ വിൽക്കാൻ സഹായിക്കുന്നു

മേഘ ഗോൾഡ്

9895251871

ICICI Home Finance

കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.
ശാഖ ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, 3/128, സിമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കോഴിക്കോട്- 673011 (കേരളം)

പ്രൊവിസോ റൂൾ 8(6) കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് റൂൾ 8(6) പ്രകാരമുള്ള ഇ- ലേല വിൽപ്പന.

Sr. No.	വായ്പ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	പ്രജേഷ് പി. (വായ്പ്പക്കാരൻ) ജ്യോത്സന കെ. (സഹവായ്പ്പക്കാരൻ) ലോൺ അക്കൗണ്ട് നമ്പർ LHCLT00001312802	റീസർവെ നമ്പർ 5/47 (5/47ടിപി) ബദിരൂർകക്കോടി വില്ലേജ് കോഴിക്കോട് താലൂക്ക് കോഴിക്കോട് 673011	Rs. 8,23,360/- 5 ഫെബ്രുവരി 2022 വരെ)	Rs. 10,12,000/- / Rs.1,01,200/-	March 10, 2022 from 11:00 AM to 03:00 PM	March 14, 2022 from 02:00 PM to 03:00 PM

https://sarfaesi.auctiontiger.net/EPROC ... 9819881654 ... https://www.icicihfc.com/

തിയതി: ഫെബ്രുവരി 11, 2022
സ്ഥലം: കോഴിക്കോട്

അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

Edited, Printed and Published by R. Gopikrishnan, Chief Editor on behalf of M/s.Vaartha News Network Pvt.Ltd., E. Rudran Warrier (Executive Editor), Vol 15, Issue No.41 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: cltbureau@metrovaartha.com